ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.11.2024** **TIME : 7.25 AM**

## പ്രധാന വാർത്തകൾ

1) വിവിധ സുപ്രധാന വിഷയങ്ങൾ ഉൾപ്പെടുത്തി 19 -ാമത് ജി-20 ഉച്ചകോടിയിൽ റിയോ ഡി ജനീറോ പ്രഖ്യാപനം.

**Rio de Janeiro Declaration at the 19th G-20 Summit covering various important issues.**

2) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ലോകമെമ്പാടുമുള്ള ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനും ബ്രസീലിയൻ ജി-20 ആവിഷ്കരിച്ച പുതിയ സംരംഭം സുപ്രധാന പങ്കുവഹിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi said the new initiative launched by Brazilian G-20 will play an important role in ensuring food security and upliftment of vulnerable groups across the world.**

3) ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ **GSAT** -20 യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു.

**India's communication satellite GSAT-20 has successfully launched from Cape Canaveral, US.**

4) മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നാളെ. ഝാർഖണ്ഡിൽ നാളെ നടക്കുന്ന രണ്ടാംഘട്ട പോളിംഗിനുള്ള

ഒരുക്കങ്ങൾ പൂർത്തിയായി. പാലക്കാടും നാളെ വിധിയെഴുത്ത്.

Assembly elections in Maharashtra will be held tomorrow. Arrangements have been put in place for the second phase of polling to be held in Jharkhand. Palakkad is set to conduct polling tomorrow.

5) രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനത്തിന് നാളെ തുടക്കം. ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും.

Defence Minister Rajnath Singh's two-day visit to Laos to begin tomorrow. will attend the ASEAN Defence Ministers' Meeting.

6) 2024 വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

2024 Women's Asian Championship Hockey Semi Finals will be played today.

*************************************************************

## RIO DE JANEIRO DECLARATION

19-മത് ജി-20 ഉച്ചകോടിയുടെ ഭാഗമായുള്ള റിയോ ഡി ജനീറോ പ്രഖ്യാപനം ഇന്നലെ നടന്നു. സാമൂഹിക ഉൾപ്പെടുത്തൽ, പട്ടിണി, ദാരിദ്ര്യം എന്നിവയ്ക്കെതിരായ പോരാട്ടം, സുസ്ഥിര വികസനം, ഊർജം, നിർമിത ബുദ്ധി, യു.എൻ, ബഹുമുഖ വ്യാപാര സംവിധാനം തുടങ്ങിയ വിഷയങ്ങൾ പ്രഖ്യാപനത്തിൽ ഉൾപ്പെടുന്നു. ന്യൂഡൽഹി പ്രഖ്യാപനത്തിന്റെ തുടർച്ചയായ നിരവധി വിഷയങ്ങളും പുതിയ പ്രഖ്യാപനത്തിലുണ്ട്. ജൈവ സമ്പദ്‌വ്യവസ്ഥ, സ്ത്രീ ശാക്തീകരണത്തിനായുള്ള പ്രവർത്തക സംഘങ്ങൾ, ഗവേഷണം, നൂതനാശയങ്ങൾ തുടങ്ങിയവയും ഈ വർഷത്തെ പ്രഖ്യാപനത്തിന്റെ ഭാഗമാണ്.

************************************************************

## PM SPEECH G20

ഒരു ഭൂമി ഒരു കുടുംബം ഒരു ഭാവി എന്നത് ബ്രസീലിലെ ജി-20 ഉച്ചകോടിയിലും പ്രസക്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. റിയോ ഡി ജനീറോയിൽ നടക്കുന്ന ജി -20 ഉച്ചകോടിയിലെ സാമൂഹിക ഉൾപ്പെടുത്തൽ - പട്ടിണിക്കും ദാരിദ്ര്യത്തിനും എന്നതിരെയുള്ള പോരാട്ടം എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ന്യൂഡൽഹിയിൽ കഴിഞ്ഞ വർഷം നടന്ന ജി-20 ഉച്ചകോടിയിൽ സ്വീകരിച്ച പൗരകേന്ദ്രീകൃത തീരുമാനങ്ങൾ ബ്രസീലിന്റെ അധ്യക്ഷതയിലും തുടർന്നതായി പ്രധാനമന്ത്രി പറഞ്ഞു. സ്ത്രീകൾ നയിക്കുന്ന വികസനം, യുവ ശക്തി തുടങ്ങിയവയ്ക്ക് ജി-20 നൽകുന്ന പ്രാധാന്യം സംതൃപ്തി നൽകുന്നു. ഗ്ലോബൽ സൗത്തിന്റെ മുൻഗണനകൾ മനസ്സിൽ ഉൾക്കൊണ്ട് ചർച്ചകൾ നടക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

************************************************************

## PM GLOBAL ALLIANCE

പട്ടിണി, ദാരിദ്ര്യം എന്നിവയ്ക്കെതിരെ ബ്രസീലിയൻ ജി -20 അധ്യക്ഷത ആവിഷ്കരിച്ച പുതിയ സംരംഭത്തെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. റിയോ ഡി ജനീറോയിലെ ജി -20 ഉച്ചകോടി വേദിയിലായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ലോകമെമ്പാടുമുള്ള ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനും ഈ സംരംഭം സുപ്രധാന പങ്ക് വഹിക്കുമെന്ന് ശ്രീ നരേന്ദ്ര മോദി സമൂഹമാധ്യമ പോസ്റ്റിൽ

കുറിച്ചു. പുതിയ സംരംഭത്തിന് ഇന്ത്യയുടെ എല്ലാ പിന്തുണയും പ്രധാനമന്ത്രി അറിയിച്ചു.

*************************************************************

## PM - BILATERALS

ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിവിധ ലോക നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ചകൾ നടത്തി. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇന്ത്യ - ഇറ്റലി സഹകരണം ശക്തിപ്പെടുത്താൻ ധാരണയായി. ബഹിരാകാശം, ഊർജം, നിർമിതബുദ്ധി തുടങ്ങിയ മേഖലകളിലെ കൂട്ടായ പ്രവർത്തനത്തിന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായി ശ്രീ മോദി നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായി. യു.കെ, നോർവേ, പോർച്ചുഗൽ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി ചർച്ചകൾ നടത്തി.

*************************************************************

## ISRO - GSAT-20

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു. എലോൺ മസ്ക്കിന്റെ ഉടമസ്ഥതയിലുള്ള Space X ന്റെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തിയത്. വിക്ഷേപണം വിജയകരമായിരുന്നെന്നും ഉപഗ്രഹം മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഐഎസ്ആർഒ

ചെയർമാൻ എസ് സോമനാഥ് പറഞ്ഞു. വിദൂര പ്രദേശങ്ങളിലേക്കുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

************************************************************

## MAHA-POLL ARRANGEMENTS

മഹാരാഷ്ട്രയിൽ നാളെ നടക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 288 സീറ്റുകളിൽ ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. ബി ജെ പി നയിക്കുന്ന ഭരണകക്ഷിയായ മഹായൂതി സഖ്യം അധികാരം നിലനിർത്താൻ ശ്രമിക്കുമ്പോൾ അധികാരത്തിൽ തിരിച്ചെത്താനാണ് മഹാ വികാസ് അഘാഡിയുടെ ശ്രമം. 2,086 സ്വതന്ത്ര സ്ഥാനാർത്ഥികൾ ഉൾപ്പെടെ 4,136 പേരാണ് മഹാരാഷ്ട്രയിൽ ജനവിധി തേടുന്നത്.

************************************************************

## JHARKHAND-POLL ARRANGEMENT

ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടം നാളെ. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി. 12 ജില്ലകളിലെ 38 മണ്ഡലങ്ങളിലേക്കാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. നവംബർ 23 നാണ് വോട്ടെണ്ണൽ.

************************************************************

## PALAKKAD (INTRO)

നാളെ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിൽ വോട്ടെടുപ്പിനുള്ള ഒരുക്കങ്ങ പൂർത്തിയായി. ഇന്ന് നിശബ്ദ പ്രചരണം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലി മുത്ത്..**

(വോയിസ്)

ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

*********************************************************

## RAJNATH - LAOS

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ രണ്ട് ദിവസത്തെ ലാവോസ് സന്ദർശനം നാളെ ആരംഭിക്കും. ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. യു.എസ്, ചൈന, ഓസ്ട്രേലിയ, ജപ്പാൻ, ലാവോസ്, മലേഷ്യ, ന്യൂ സിലൻഡ്, ഫിലിപ്പീൻസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളിലെ പ്രതിരോധ മന്ത്രിമാരുമായി ശ്രീ രാജ്നാഥ് സിങ് ഉഭയകക്ഷി ചർച്ചകൾ നടത്തും.

*********************************************************

## MANOHAR LAL - PMAYU-2.0

പ്രധാൻമന്ത്രി ആവാസ് യോജന 2.0 ക്ക് കീഴിൽ എല്ലാ കുടുംബങ്ങൾക്കും ഉറപ്പുള്ള മേൽകൂരയുള്ള വീടുകൾ എന്ന സ്വപ്നം സാക്ഷാത്കരിക്കാനാകുമെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ. **PMAY-U** 2.0 പദ്ധതിയുമായി ബന്ധപ്പെട്ട്

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതിയിലൂടെ 3 കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതായി ശ്രീ മനോഹർ ലാൽ പറഞ്ഞു. **PMAY-U 2.0** നടപ്പാക്കുന്നതിന് 25 ലധികം സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളുമായി ധാരണ പത്രത്തിൽ ഒപ്പുവെച്ചതായും അദ്ദേഹം അറിയിച്ചു.

************************************************************

## MANIPUR-AMIT SHAH MEETING

മണിപ്പൂരിൽ അക്രമം രൂക്ഷമായ സാഹചര്യത്തിൽ, 50 കമ്പനി കേന്ദ്ര സായുധ പൊലീസ് സേനയെ കൂടി സംസ്ഥാനത്തേയ്ക്ക് അയയ്ക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചു. മണിപ്പൂരിലെ സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിൽ അവലോകനം ചെയ്തു. അക്രമം തടയുന്നതിനും സമാധാനം നിലനിർത്തുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ അദ്ദേഹം മുതിർന്ന സുരക്ഷാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

************************************************************

## AMIT SHAH-GUJARAT VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിലെ ഗാന്ധിനഗറിൽ അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. പുതിയ ക്രിമിനൽ നിയമത്തിൽ

ഫോറൻസിക്കിന്റെയും സാങ്കേതികവിദ്യയുടെയും ഉപയോഗം, നിർമിതബുദ്ധി, ദുരന്തസാധ്യത കുറയ്ക്കുന്നതിൽ പോലീസിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ രണ്ടു ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും. കേന്ദ്ര-സംസ്ഥാന പോലീസ് സേനകളിൽ നിന്നായി 250 ഓളം പേർ പങ്കെടുക്കും. ഗാന്ധിനഗറിലെ ദണ്ഡി കുടിറിൽ ഗാന്ധിനഗർ തപാൽ സ്റ്റാമ്പ് പ്രദർശനവും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് ശേഷം ഹിമ്മത് നഗറിൽ 800 മെട്രിക് ടൺ ശേഷിയുള്ള കാലി തീറ്റ പ്ലാന്റിന്റെ ഉദ്ഘാടനവും ശ്രീ അമിത് ഷാ നിർവഹിക്കും.

************************************************************

## DELHI - POLLUTION

ഡൽഹിയിലെ വായു മലിനീകരണം രൂക്ഷമായി തുടരുന്നു. ഇന്നലെ രാത്രി 10 മണി വരെ ശരാശരി വായു ഗുണനിലവാര സൂചിക 494 കടന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണക്കനുസരിച്ച് നഗരത്തിന്റെ ചില ഭാഗങ്ങളിൽ സൂചിക 500 രേഖപ്പെടുത്തിയിട്ടുണ്ട്. ദേശീയ തലസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സമയക്രമം നടപ്പിലാക്കാൻ ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന ഡൽഹി സർക്കാരിനോട് നിർദ്ദേശിച്ചു. 10, 12 ക്ലാസുകൾ ഉൾപ്പെടെ ഓൺലൈൻ ക്ലാസുകൾ ഏർപ്പെടുത്തുമെന്ന് ഡൽഹി മുഖ്യമന്ത്രി അതിഷി അറിയിച്ചു.

************************************************************

## WORLD TOILET DAY

ഇന്ന് ലോക ശൗചാലയ ദിനം. എല്ലാ മനുഷ്യർക്കും ശുചിയായ ജീവിത സാഹചര്യങ്ങൾ ഉറപ്പു വരുത്തേണ്ടതിന്റെ

ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. **"ശൗചാലയങ്ങൾ: സമാധാനത്തിനുള്ള ഇടം"** എന്നതാണ് ഈ വർഷത്തെ പ്രമേയം. ആരോഗ്യകരവും സുസ്ഥിരവുമായ ഒരു സമൂഹത്തിന് സുസ്ഥിര ശുചിത്വത്തിന്റെ പ്രാധാന്യം എന്ന സന്ദേശവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

************************************************************

## WOMEN`S HOCKEY

വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കി സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് ബീഹാറിൽ തുടക്കമാകും. ആദ്യ മത്സരം ചൈനയും മലേഷ്യയും തമ്മിൽ. ഇന്ന് ഉച്ചയ്ക്ക് 2.15 ന് രാജ്ഗീറിൽ നടക്കും. ഇന്ത്യ – ജപ്പാൻ സെമി ഫൈനൽ വൈകിട്ട് 4.45 ന് നടക്കും.

************************************************************

## BADMINTON- CHINA OPEN

ചൈന ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് ഷെൻജെനിൽ തുടക്കമാകും. ഇന്ത്യൻ താരങ്ങളായ സുമീത് റെഡ്ഡി, എൻ സിക്കി റെഡ്ഡി എന്നിവർ മിക്സഡ് ഡബിൾസിൽ ഇന്ന് ഇറങ്ങും. പുരുഷ ഡബിൾസിൽ സാത് വിക് സായ് രാജ് റെങ്കി റെഡ്ഡി സഖ്യം ചൈനീസ് തായ്പെയ് സഖ്യത്തെ നേരിടും. പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ, വനിത സിംഗിൾസിൽ പി വി സിന്ധുവും ഇന്ത്യക്കായി മത്സരിക്കുന്നുണ്ട്.

*********************************************************

## CLIMBING- YOUTH ASIAN CHAMPIONSHIP

IFSC യൂത്ത് ഏഷ്യൻ ക്ലൈമ്പിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ജോഗ Purtyക്ക് വെള്ളി. അണ്ടർ – 18 വനിത വിഭാഗത്തിലാണ് മെഡൽ നേട്ടം. മത്സരം പൂർത്തിയാക്കാൻ 8.89 സെക്കൻഡുകൾ എടുത്ത ജോഗ, തന്റെ മുൻ റെക്കോർഡാണ് തിരുത്തിയത്. ഇതേ വിഭാഗത്തിൽ ദക്ഷിണ കോറിയയ്ക്കാണ് വെങ്കലം.

*********************************************************

## SONOWAL - SAGARMANTHAN ( INTRO)

2047 ഓടെ രാജ്യത്തെ തുറമുഖങ്ങൾ വഴി പ്രതിവർഷം 10,000 ദശലക്ഷം മെട്രിക് ടൺ ശേഷിയാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ. ന്യൂഡൽഹിയിൽ നടന്ന പ്രഥമ സാഗർമന്ഥൻ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിയെ ബാധിക്കാതെ സമുദ്രത്തിന്റെ സാധ്യതകൾ പര്യവേക്ഷണം ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ് )

തുറമുഖ ശേഷി, ചരക്ക് കൈകാര്യം ചെയ്യൽ, കപ്പൽ നിർമ്മാണം, ഉൾനാടൻ ജലപാതകൾ എന്നിവക്കായി 80 ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തി സമുദ്രമേഖലയിൽ വിപ്ലവം സൃഷ്ടിക്കാനാണ് രാജ്യം ശ്രമിക്കുന്നതെന്ന് ശ്രീ സോനോവാൾ അറിയിച്ചു. പരിപാടിയോട് അനുബന്ധിച്ച് ഗ്രീസിലെ

സമുദ്രകാര്യ നയ മന്ത്രിയുമായി കേന്ദ്രമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി.

***********************************************************

## WAYANAD

വയനാട്ടിൽ യു.ഡി.എഫും എൽ.ഡി.എഫും വെവ്വേറെ ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. രാവിലെ ആറു മണി മുതൽ വൈകുന്നേരം ആറുമണിവരെയാണ് ഹർത്താൽ. ചൂരൽമല ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാനും ദുരുതബാധിതരുടെ പുനരധിവാസത്തിനടക്കം പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കാനും കേന്ദ്ര സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചാണ് ഹർത്താൽ.

*******************************************************************************************************************

***********************************************************